02.06.24 ഓം ശാന്തി അവ്യക്തബാപ്ദാദ മധുബൻ 18-01-2000

# ബ്രഹ്മാബാബയ്ക്ക് സമാനം ത്യാഗം, തപസ്സ് സേവനത്തിന്റെ വെബ്രേഷൻസ് വിശ്വത്തിൽ പരത്തൂ.

ഇന്ന് സമർത്ഥ ബാപ്പ്ദാദ തന്റെ സമർത്ഥ കുട്ടികളെ കാണുകയാണ്. ഇന്നത്തെ ദിവസം സ്മൃതി ദിവസവും സമർത്ഥീദിവസവുമാണ്. ഇന്നത്തെ ദിവസം കുട്ടികൾക്ക് സർവ്വ ശക്തികൾ ഇഷ്ടദാനമായി തരുന്നതിന്റെ ദിവസമാണ്. ലോകത്തിൽ അനേകം തരത്തിലുള്ള ഇഷ്ടദാനമുണ്ട് എന്നാൽ ബ്രഹ്മാ ബാബ ബാബയിൽ നിന്നും പ്രാപ്തമായ സർവ്വ ശക്തികളുടെ ഇഷ്ടദാനം കുട്ടികൾക്ക് നൽകി. ഇങ്ങനെ അലൗകിക ഇഷ്ടദാനം മറ്റാർക്കും ചെയ്യാൻ സാധിക്കില്ല. ബാബ ബ്രഹ്മാബാബയെ സാകാരത്തിൽ നിമിത്തമാക്കി ബ്രഹ്മാ ബാബ കുട്ടികൾക്ക് നിമിത്ത ഭവ:യുടെ വരദാനം നല്കി ഇഷ്ടദാനം ചെയ്തു. ഈ ഇഷ്ടദാനം കുട്ടികളിൽ സഹജമായി പവർസിന്റെ (ശക്തികളുടെ) അനുഭൂതി ചെയ്യിച്ചു കൊണ്ടിരിക്കുന്നു. ഒന്നുണ്ട് തന്റെ പുരുഷർത്ഥത്തിന്റെ പവർസ് എന്നാൽ ഇതാണ് പരമാത്മ ഇഷ്ടദാനത്തിലൂടെ പവർസിന്റെ പ്രാപ്തി. ഇത് പ്രഭൂദാനമാണ്, പ്രഭൂ വരദാനമാണ്. ഈ പ്രഭു വരദാനമാണ് നടത്തിക്കുന്നത്. വരദാനത്തിൽ പുരുഷർത്ഥത്തിന്റെ പരിശ്രമമില്ല എന്നാൽ സഹജവും സ്വതവേ:യും നിമിത്തമാക്കി നടത്തുകയാണ്. മുന്നിൽ കുറച്ച് പേരെ ബാക്കിയുള്ളൂ എന്നാൽ ബാപ്പ്ദാദയിലൂടെ പ്രത്യേകിച്ചും ബ്രഹ്മാ ബാബയിലൂടെ വിശേഷിച്ച് കുട്ടികൾക്ക് ഈ ഇഷ്ടദാനം പ്രാപ്തമായിരിക്കുകയാണ്, ബാപ്പ്ദാദ ഇതും കണ്ടു ഏതു കുട്ടികൾക്കണോ ഇഷ്ടദാനം ചെയ്തത് ആ എല്ലാ കുട്ടികളും (ആദി രത്നങ്ങളും സേവനത്തിന് നിമിത്തമായ കുട്ടികളും) ആ പ്രാപ്തമായ ഇഷ്ടദാനത്തെ നല്ല രീതിയിൽ കാര്യത്തിലുപയോഗിച്ചു. ഈ ഇഷ്ടദാനം കാരണം ഇന്ന് ഈ ബ്രാഹ്മണ പരിവാരം ഓരോ ദിവസവും വർദ്ധിച്ചു വരുന്നു. കുട്ടികളുടെ വിശേഷത കാരണം ഈ അഭിവൃദ്ധി നടക്കുക തന്നെ വേണമായിരുന്നു നടക്കുകയുമാണ്.

ബാപ്പ്ദാദ കണ്ടു നിമിത്തമായവരും കൂട്ട് കൊടുക്കുന്നവരും രണ്ടു തരത്തിലുമുള്ള കുട്ടികളുടെ രണ്ടു വിശേഷതകൾ വളരെ നന്നായിരിക്കുന്നു. ആദ്യത്തെ വിശേഷത - സ്ഥാപനയുടേ ആദിരത്നമായലും, സേവനത്തിന്റെ രത്നമായാലും രണ്ടു കൂട്ടരിലും സംഘടനയുടെ ഐക്യം വളരെ വളരെ നന്നായിരുന്നു. ആരിലും എന്തുകൊണ്ട്, എന്ത്, എങ്ങനെ... എന്നത് സങ്കൽപ്പത്തിൽ പോലും ഉണ്ടായിരുന്നില്ല. രണ്ടാമത്തെ വിശേഷതയാണ് - ഒരാൾ പറഞ്ഞു മറ്റെയാൾ മാനിച്ചു. ഈ എക്സ്ട്രാ പവർസിന്റെ ഇഷ്ടദാനത്തിന്റെ വായുമണ്ഡലത്തിൽ വിശേഷമായുണ്ടായിരുന്നു ഇതിനാൽ സർവ്വ നിമിത്തമായ ആത്മാക്കൾക്കും ബാബ ബാബ എന്ന് മാത്രം കാണപ്പെട്ടു.

ബാപ്പ്ദാദ ഇങ്ങനെയുള്ള സമയത്ത് നിമിത്തമായ ആത്മാക്കൾക്ക് ഹൃദയപൂർവ്വം സ്നേഹം നൽകുന്നു. ബാബയുടെ അത്ഭുതം ഉണ്ട് എന്നാൽ കുട്ടികളുടെ അത്ഭുതവും ചെറുതല്ല. ഈ സമയത്തെ സംഘടനയും ഐക്യവും - നമ്മളെല്ലാവരും ഒന്നാണ്, അതു തന്നെയാണ് ഇന്നും സേവനം വർധിപ്പിക്കുന്നത്. എന്തുകൊണ്ട്? നിമിത്തമായ ആത്മാക്കളുടെ ആധാരം ഉറപ്പുള്ളതായിരുന്നു. അതിനാൽ ബാപ്പ്ദാദ ഇന്ന് കുട്ടികളുടെ അത്ഭുതത്തെ പാടി പുകഴ്ത്തുകയായിരുന്നു. കുട്ടികൾ നാലു വശത്ത് നിന്നും സ്നേഹത്തിന്റെ മാലകൾ അണിയിച്ചു ബാബയാണെങ്കിൽ കുട്ടികളുടെ അത്ഭുതത്തിന്റെ വർണ്ണന നടത്തുന്നു. ഇത്രയും സമയം ഉണ്ടാകും എന്ന് ചിന്തിച്ചിരുന്നോ? എത്ര സമയമായി? എല്ലാവരുടെയും വായിൽ നിന്നും ഹൃദയത്തിൽ നിന്നും ഇതാണ് വന്നിരുന്നത് തിരിച്ചു പോകണം, പോകണം.... എന്നാൽ ബാപ്പ്ദാദയ്ക്ക് അറിയാമായിരുന്നു ഇനി അവ്യക്ത രൂപത്തിലെ സേവനം നടക്കണമെന്ന്. സാകാരത്തിൽ ഇത്രയും വലിയ ഹാൾ നിർമ്മിച്ചിരുന്നോ? ബാബയുടെ അതിപ്രിയ ഡബിൾ വിദേശികൾ വന്നിരുന്നോ? ഡബിൾ വിദേശികളുടെ അവ്യക്ത പാലനയിലൂടെ അലൗകിക ജന്മം നടക്കുക തന്നെ വേണമായിരുന്നു, ഇത്രയും കുട്ടികൾ വരണമായിരുന്നു. ഇതിനാൽ ബ്രഹ്മാ ബാബയ്ക്ക് സാകാര ശരീരവും വിടേണ്ടി വന്നു. ഡബിൾ വിദേശികൾക്ക് ലഹരിയുണ്ടോ നമ്മൾ അവ്യക്ത പാലനയുടേ പാത്രമാണ് എന്ന്?

ബ്രഹ്മാ ബാബയുടെ ത്യാഗം ഡ്രാമയിൽ വിശേഷിച്ച് അടങ്ങിയിട്ടുണ്ട്. ആദി മുതൽ ബ്രഹ്മാ ബാബയുടെ ത്യാഗവും താങ്കൾ കുട്ടികളുടെ ഭാഗ്യവും അടങ്ങിയിട്ടുണ്ട്. ഏറ്റവും ഒന്നാം നമ്പർ ത്യാഗത്തിന് ഉദാഹരണം ബ്രഹ്മാ ബാബയായി. ത്യാഗമെന്ന് പറയുന്നത് - എല്ലാം പ്രാപ്തമാകെ ത്യാഗം ചെയ്യുക. സമയമനുസരിച്ചുള്ള, പ്രശ്നങ്ങൾക്കനുസരിച്ചുള്ള ത്യാഗം ശ്രേഷ്ഠത്യാഗമല്ല. തുടക്കം മുതൽ തന്നെ ശരീരം, മനസ്സ്, ധനം, സംബന്ധം സർവ്വ പ്രാപ്തികളുണ്ടായിട്ടും ത്യാഗം ചെയ്തു. ശരീരവും ത്യജിച്ചു, എല്ലാ സമഗ്രികളുണ്ടായിട്ടും സ്വയം പഴയതിൽ തന്നെയിരുന്നു. സാധനങ്ങൾ വരുന്നത് ആരംഭിച്ചിരുന്നു. ഉണ്ടായിട്ടും സാധാനയിൽ

ഉറച്ചു നിന്നു. ഈ ബ്രഹ്മാവിന്റെ തപസ്സ് താങ്കൾ കുട്ടികളുടെ ഭാഗ്യമുണ്ടാക്കി. ഡ്രാമയനുസരിച്ചു ഇങ്ങനെ ത്യാഗത്തിന്റെ ഉദാഹരണം ബ്രഹ്മാവ് തന്നെയാണ് ആയത് ഈ ത്യാഗം സങ്കൽപ്പ ശക്തിയുടെ സേവനത്തിന്റെ വിശേഷ പാർട്ടുണ്ടാക്കി. ഇതിനാൽ പുതിയ പുതിയ കുട്ടികൾ സങ്കൽപ്പ ശക്തിയിലൂടെ ഫാസ്റ്റ് അഭിവൃദ്ധി പ്രാപ്തമാക്കികൊണ്ടിരിക്കുന്നു. അപ്പോൾ ബ്രഹ്മാ ബാബയുടെ ത്യാഗത്തിന്റെ കഥ കേട്ടോ.

ബ്രഹ്മാവിന്റെ തപസ്സിന്റെ ഫലം താങ്കൾ കുട്ടികൾക്ക് ലഭിക്കുകയാണ്. തപസ്സിന്റെ പ്രഭാവം ഈ മധുബൻ ഭൂമിയിൽ നിറഞ്ഞിരിക്കുന്നു. ഒപ്പം കുട്ടികളുടെയുമുണ്ട്, കുട്ടികളുടെ തപസ്സുമുണ്ട് എന്നാൽ നിമിത്തമെന്ന് ബ്രഹ്മാ ബാബയെ പറയും. ആരെല്ലാം മധുബൻ തപസ്യ ഭൂമിയിൽ വരുന്നുവോ, ബ്രാഹ്മണ കുട്ടികളും അനുഭവിക്കുന്നു ഇവിടത്തെ അന്തരീക്ഷം, ഇവിടത്തെ വൈബ്രേഷൻസ് സഹയോഗിയാക്കി മാറ്റുന്നു. യോഗം ചെയ്യുന്നതിനുള്ള പരിശ്രമമില്ല, സഹജമായി യോജിക്കുന്നു, എങ്ങനെയുള്ള ആത്മക്കളായാലും അവർ എന്തെങ്കിലും അനുഭവമെടുത്ത് കൊണ്ട് പോകുന്നു. ജ്ഞാനം മനസ്സിലാക്കിയില്ലെങ്കിലും അലൗകിക സ്നേഹവും ശാന്തിയും അനുഭവിച്ചു കൊണ്ട് പോകുന്നു. എന്തെങ്കിലും പരിവർത്തനപ്പെടുത്തണം എന്ന സങ്കൽപ്പമെടുത്ത് തന്നെ പോകുന്നു. ഇതാണ് ബ്രഹ്മാവിന്റെയും ബ്രാഹ്മണരുടെയും തപസ്സിന്റെ പ്രഭാവം. ഒപ്പം സേവനത്തിന്റെ വിധി – വിഭിന്ന പ്രകാരത്തിലുള്ള സേവനം കുട്ടികളെ കൊണ്ട് പ്രാക്ടിക്കൽ ചെയ്യിപ്പിച്ചു കാട്ടി. ആ വിധികളെയാണ് ഇപ്പൊൾ വിസ്താരത്തിൽ കൊണ്ട് വരുന്നത്. അപ്പോൾ ഏതുപോലെ ബ്രഹ്മാ ബാബയുടെ ത്യാഗം, തപസ്സ്, സേവനത്തിന്റെ ഫലം താങ്കൾ കുട്ടികൾക്ക് ലഭിക്കുന്നു. ഇതുപോലെ ഓരോ കുട്ടിയും തന്റെ ത്യാഗം, തപസ്സ്, സേവനത്തിന്റെ വൈബ്രേഷൻസ് വിശ്വത്തിൽ പരത്തണം. ഏതു പോലെ സയൻസ് ബലം തന്റെ പ്രഭാവം പ്രത്യക്ഷ രൂപത്തിൽ കാട്ടുന്നു, ഈ സയൻസിന്റെയും രചയിതാവ് സൈലൻസ് ബലമാണ്. സൈലൻസ് ബലത്തെയും പ്രത്യക്ഷമാക്കാനുള്ള സമയം ഇപ്പോഴാണ്. സൈലൻസ് ബലത്തിന്റെ വൈബ്രേഷൻസ് തീവ്ര ഗതിയിൽ പരത്തുന്നതിനുള്ള മാർഗ്ഗമാണ് – മനസ്സിന്റെയും ബുദ്ധിയുടെയും ഏകാഗ്രത. ഈ ഏകാഗ്രതയുടെ പരിശീലനം വർധിക്കണം. ഏകാഗ്രതയുടെ ശക്തികളിലൂടെയാണ് വായുമണ്ഡലമുണ്ടാക്കാൻ സാധിക്കുന്നത്. ചഞ്ചലതകൾക്കാരണം പവർഫുൾ വൈബ്രേഷൻ ഉണ്ടാകുന്നില്ല.

ബാപ്ദാദ ഇന്ന് കാണുകയായിരുന്നു ഏകാഗ്രതയുടെ ശക്തി ഇനി കൂടുതൽ വേണം. എല്ലാ കുട്ടികളുടെയും ഒരേയൊരു ദൃഢസങ്കൽപ്പം വേണം ഇനി നമ്മുടെ സഹോദരീ സഹോദരരുടെ ദുഃഖസംഭവങ്ങൾ പരിവർത്തനമാകണം. ഹൃദയത്തിൽ നിന്നും ദയ ഇമർജ് ആകണം. എന്താ സയൻസിന്റെ ശക്തിക്ക് ചഞ്ചലത ഉണ്ടാക്കാൻ സാധിക്കുമെങ്കിൽ ഇത്രയും ബ്രാഹ്മണാത്മക്കളുടെ സൈലൻസിന്റെ ശക്തി, ദയാഹൃദയ ഭാവനയിലൂടെ അല്ലെങ്കിൽ സങ്കൽപ്പത്തിലൂടേ ചഞ്ചലതയെ പരിവർത്തനപ്പെടുത്താൻ സാധിക്കില്ലേ! ചെയ്യുക തന്നെ വേണം, നടക്കുക തന്നെ വേണമെങ്കിൽ ഇക്കാര്യത്തിൽ വിശേഷ അറ്റൻഷൻ കൊടുക്കൂ. താങ്കൾ മുതുമുത്തച്ഛന്റെ (ഗ്രേറ്റ് ഗ്രേറ്റ് ഗ്രാൻറ്ഫാദർ) കുട്ടികളാകുമ്പോൾ, എല്ലാവരും താങ്കളുടെ തന്നെ വംശജരാണ്, ശാഖകളാണ്, പരിവാരമാണ്, താങ്കൾ തന്നെയാണ് ഭക്തരുടെ ഇഷ്ടദേവത. ഈ ലഹരിയുണ്ടോ നമ്മൾ തന്നെയാണ് ഇഷ്ടദേവനെന്ന്? ഭക്തർ നിലവിളിക്കുകയാണ്, താങ്കൾ കേൾക്കുന്നുണ്ടോ! അവർ വിളിക്കുകയാണ് – ഹേ ഇഷ്ട ദേവാ, താങ്കൾ കേൾക്കുന്നത് മാത്രമേയുള്ളോ, അവർക്ക് മറുപടി നൽകുന്നില്ലേ? അപ്പോൾ ബാപ്ദാദ പറയുകയാണ് ഭക്തരുടെ ഇഷ്ടദേവർ ഇനി വിളി കേൾക്കൂ, മറുപടി കൊടുക്കൂ, കേൾക്കുക മാത്രമല്ല. എന്ത് മറുപടി നൽകും? പരിവർത്തനത്തിന്റെ വായുമണ്ഡലമുണ്ടാക്കൂ. താങ്കളുടെ മറുപടി അവർക്ക് ലഭിക്കാത്തതിനാൽ അവരും അലസരാകുന്നു. നിലവിളിക്കുന്നു പിന്നെ നിശ്ശബ്ദരാകുന്നു.

ബ്രഹ്മാബാബയുടെ ഓരോ കാര്യത്തിലെയും ഉത്സാഹം കണ്ടിരിക്കുമല്ലോ. തുടക്കത്തിൽ ഉത്സാഹമുണ്ടായിരുന്നു – ചാവി വേണം എന്ന്. ഇപ്പോഴും ബ്രഹ്മാബാബ ശിവബാബയോട് ഇതാണ് പറയുന്നത് – വീട്ടിൽ പോകാൻ വാതിലിന്റെ ചാവി നൽകൂ. എന്നാൽ ഒപ്പം പോകാനുള്ളവർ തയ്യാറാകണ്ടേ. ഒറ്റയ്ക്കെന്ത് ചെയ്യാം! അപ്പോൾ ഒപ്പം പോകണോ അതോ പിന്നാലെ പോകണോ? ഒപ്പം പോകണ്ടേ? ബ്രഹ്മാബാബ പറയുന്നു കുട്ടികളോട് ചോദിക്കൂ ബാബ ചാവി തരുകയാണെങ്കിൽ താങ്കൾ എവറെഡിയാണോ? എവറെഡിയാണോ അതോ റെഡിയാണോ? റെഡിയല്ല എവറെഡി. ത്യാഗം, തപസ്സ്, സേവനം മൂന്ന് പരീക്ഷയ്ക്കും തയ്യാറായോ? ബ്രഹ്മാബാബ പുഞ്ചിരിക്കുന്നു സ്നേഹിക്കണ്ണീർ ധാരാളം ഒഴുക്കുന്നുണ്ട്, ആ കണ്ണുനീർ ബ്രഹ്മാബാബ മുത്തിന് സമാനം ഹൃദയത്തിൽ വെയ്ക്കുന്നുമുണ്ട് എന്നാൽ ഒരു സങ്കൽപ്പം തീർച്ചയായും ഉണ്ടാവുന്നു എല്ലാവരും എപ്പോൾ എവറെഡി ആകും! തീയതി നൽകൂ. താങ്കൾ പറയും ഞങ്ങൾ എവറെഡിയാണ്, താങ്കളുടെ പങ്കാളികൾ അവരെയും ആക്കൂ അതോ അവരെ വിട്ടിട്ട് വരുമോ? താങ്കൾ പറയും ബ്രഹ്മാ ബാബയും വിട്ടിട്ട് പോയില്ലേ എന്ന്! എന്നാൽ അവർക്ക് ഈ

രചന രചിക്കണമായിരുന്നു. ഫാസ്റ്റ് വളർച്ചയുടെ ഉത്തരവാദിത്വമുണ്ടായിരുന്നു. അപ്പോൾ എല്ലാവരും എവറെഡി ആണോ? ഒരാൾ മാത്രമല്ല. എല്ലാവരെയും ഒപ്പം കൊണ്ട് പോകണ്ടേ അതോ ഒറ്റയ്ക്കൊറ്റയ്ക്ക് പോകുമോ? അപ്പോൾ എല്ലാവരും എവറെഡിയാണോ അതോ ആയി തീരുമോ? പറയൂ. കുറഞ്ഞത് 9 ലക്ഷം ഒപ്പം പോകണം. ഇല്ലായെങ്കിൽ ആരുടെ മേൽ രാജ്യം ഭരിക്കും? സ്വയം തന്റെ മേൽ ഭരിക്കുമോ? ബ്രഹ്മാബാബയ്ക്ക് എല്ലാ കുട്ടികളെയും പ്രതി ഈ ശുഭഭാവനയാണ് എവറെഡിയാകൂ എവറെഡിയാക്കൂ.

ഇന്ന് വതനത്തിലും എല്ലാ വിശേഷ ആദിരത്നങ്ങളും സേവനത്തിന്റെ ആദി രത്നങ്ങളും ഇമർജ് ആയി. അഡ്വാൻസ് പാർട്ടിക്കാർ പറയുന്നു നമ്മൾ തയ്യാറാണ്. ഏത് കാര്യത്തിനാണ് തയ്യാർ? അവർ പറയുന്നു ഇവർ പ്രത്യക്ഷതയുടേ പെരുമ്പറ മുഴക്കിയാൽ നമ്മൾ എല്ലാവരും പ്രത്യക്ഷരായി പുതിയ സൃഷ്ടിയുടെ രചനയ്ക്ക് നിമിത്തമാകാം. നമ്മൾ അഹ്വാനം ചെയ്യുന്നുണ്ട് പുതിയ സൃഷ്ടി രചിക്കുന്നവർ വരട്ടെ എന്ന്. ഇനി ജോലി മുഴുവൻ താങ്കളുടെ കൈകളിലാണ്. പെരുമ്പറ മുഴക്കൂ. വന്നൂ വന്നൂ....എന്ന പെരുമ്പറ മുഴക്കൂ. പെരുമ്പറ മുഴക്കാൻ അറിയുമോ? മുഴക്കണമല്ലോ! ഇപ്പൊൾ ബ്രഹ്മാബാബ പറയുന്നു തീയതി കൊണ്ട് വരൂ. താങ്കളും പറയുന്നില്ലേ തീയതിയില്ലാതെ കാര്യം നടക്കില്ല. അപ്പോൾ ഇതിന്റെയും തീയതി കുറിക്കൂ. തീയതി കുറിക്കാൻ കഴിയുമോ? ബാബ പറയുന്നു താങ്കൾ ഉണ്ടാക്കൂ. ബാബ പറയുന്നു ഇന്ന് തന്നെ ഉണ്ടാക്കൂ. കോണ്ഫറൻസിന്റെ തീയതി ഉറപ്പിച്ചുവല്ലോ അപ്പോൾ ഇതിന്റെയും കോണ്ഫറൻസ് ചെയ്യൂ. വിദേശികൾ എന്ത് മനസ്സിലാക്കുന്നു തീയതി ഫിക്സ് ചെയ്യുമോ? അതേയാണോ ഇല്ലെന്നാണോ! ശരി, ദാദി ജാനകിയോടൊപ്പം അഭിപ്രായമാരാഞ്ഞു ചെയ്യൂ. ശരി

ദേശവിദേശത്തെ നാലു വശത്തെയും, ബാപ്ദാദയുടെ അതി സമീപം, അതിപ്രീയരും വേരിട്ടവരും, ബാപ്ദാദ കാണുകയായിരുന്നു എല്ലാ കുട്ടികളും സ്നേഹത്തിൽ ലയിച്ചിരിക്കുന്ന ലൗലീൻസ്വരൂപത്തിൽ ഇരിക്കുകയാണ്. കേൾക്കുകയാണ് കൂടിക്കാഴ്ചയുടെ ഊഞ്ഞാലിൽ ആടുകയാണ്. ദൂരെയല്ല, നയനങ്ങളുടെ മുന്നിലുമല്ല, പകരം അലിഞ്ഞിരിക്കുകയാണ്. അപ്പോൾ ഇങ്ങനെ മുന്നിലും മിലനം ആഘോഷിക്കുന്ന അവ്യക്ത രൂപത്തിൽ ലൗലീനായ കുട്ടികൾ, സദാ ബാബയ്ക്ക് സമാനം ത്യാഗം, തപസ്സ്, സേവനത്തിന്റെ തെളിവ് നൽകുന്ന സൽപുത്രർ, സദാ എകാഗ്രതയുടെ ശക്തിയിലൂടെ വിശ്വ പരിവർത്തനം ചെയ്യുന്ന വിശ്വപരിവർത്തക കുട്ടികൾ, സദാ ബാബയ്ക്ക് സമാനം തീവ്രപുരുഷാർത്ഥത്തിലൂടെ പറക്കുന്ന ഡബിൾ ലൈറ്റ് കുട്ടികൾക്ക് ബാപ്ദാദയുടെ വളരെ-വളരെ-വളരെ സ്നേഹസ്മരണകളും നമസ്തേയും.

രാജസ്ഥാനിലെ സേവാധാരികൾ:- വളരെ നല്ല സേവനത്തിനുള്ള ചാൻസ് രാജസ്ഥനിന് ലഭിച്ചു. രാജസ്ഥാൻ, രാജസ്ഥാൻ എന്ന പേര് പോലെ രാജാ ക്വാളിറ്റിയിലുള്ളവരെ ഇറക്കൂ. പ്രജകളല്ല, രാജ കുടുംബത്തിലെ രാജാക്കളെ ഇറക്കൂ. അപ്പോൾ എങ്ങനെയുള്ള പേരാണോ രാജസ്ഥാൻ എന്ന് അതുപോലെ പേരുപോലുള്ള സേവാനക്വാളിറ്റി നടക്കും. ഒളിഞ്ഞിരിക്കുന്ന രാജാക്കൾ ഉണ്ടോ അതോ മേഘങ്ങളിലാണോ? അവിടെയുള്ള ബിസിനസ്കാരുടെ സേവനത്തിൽ പ്രത്യേക ശ്രദ്ധ കൊടുക്കൂ. മിനിസ്റ്ററും സെക്രട്ടറിയും മാറിക്കൊണ്ടിരിക്കും എന്നാൽ ബിസിനസ്കാർക്ക് ബാബയോടും ബിസിനസ് ചെയ്തു മുന്നേറാൻ സാധിക്കും. പിന്നെ ബിസിനസുകാരുടെ സേവനം ചെയ്യുന്നതിലൂടെ അവരുടെ കുടുംബത്തിലെ മാതാക്കൾക്കും സഹജമായി വരാൻ സാധിക്കും. ഒറ്റയ്ക്ക് മാതാക്കൾക്ക് മുന്നോട്ട് പോകാൻ പാടാണ്. എന്നാൽ വീട്ടിന്റെ നെടുംതൂണ് വരികയാണെങ്കിൽ പരിവാരം തനിയെ പതുക്കെ പതുക്കെ മുന്നേറും ഇതിനാൽ രാജസ്ഥാനൻ ഇനി രാജാക്വാളിറ്റി ഇറക്കണം. ഇങ്ങനെയാരുമില്ല എന്ന് പറയരുത്. അല്പം അനന്വേഷിക്കേണ്ടി വരും പക്ഷെ ഉണ്ട്. അല്പം അവരുടെ പിന്നാലെ സമയം കൊടുക്കണം. അവരും തിരക്കിലല്ലേ! അവർ സമീപം വരുന്ന തരത്തിൽ എന്തെങ്കിലും വഴിയൊരുക്കണം. ബാക്കി എല്ലാം നല്ലത് തന്നെ സേവനത്തിനുള്ള ചാൻസ് എടുത്തു, ഓരോ സോണും എടുക്കുന്നു ഇത്, സമീപം വരുന്നതിനും ആശീർവാദം എടുക്കുന്നതിനും ഉള്ള വളരെ നല്ല മാർഗ്ഗമാണ്. തങ്ങളെ എല്ലാവരും കണ്ടാലും ഇല്ലെങ്കിലും, അറിഞ്ഞാലും ഇല്ലെങ്കിലും, എന്നാൽ എത്ര നല്ല സേവനം നടക്കുന്നുവോ ആശീർവാദം സ്വതവേ: വരുന്നു ആ ആശീർവാദം വളരെ പെട്ടെന്ന് എത്തിച്ചേരുന്നു. ഹൃദയം കൊണ്ടുള്ള ആശീർവാദമല്ലേ. അതു ഹൃദയത്തിൽ പെട്ടെന്ന് എത്തിച്ചേരുന്നു. ബാപ്ദാദ പറയുന്നു ഏറ്റവും സഹജമായ പുരുഷർത്ഥമാണ് ആശീർവാദം നൽകുക ആശീർവാദം എടുക്കുക എന്നത്. ആശീർവാദം കൊണ്ട് ശേഖരണം നിറയുമ്പോൾ നിറഞ്ഞ കണക്കിൽ മായ ശല്യപ്പെടുത്തില്ല. ശേഖരണത്തിന്റെ ബലം ലഭിക്കും. സന്തുഷ്ടരായിരിക്കൂ, സർവ്വരെയും സന്തുഷ്ടരാക്കൂ. ഓരോരുത്തരുടെയും സ്വഭാവത്തിന്റെ രഹസ്യം അറിഞ്ഞു സന്തുഷ്ടരായിരിക്കൂ. ഒരിക്കലും ഇവരെപ്പോഴും അസന്തുഷ്ടരാണ് എന്ന് പറയരുത്. താങ്കൾ സ്വയം രഹസ്യം അറിയൂ, അവരുടെ നാഡിയെ അറിയൂ എന്നിട്ട് ആശിർവാദത്തിന്റെ മരുന്ന് നൽകൂ. അപ്പോൾ സഹജമായി തീരും. ശരിയല്ലേ രാജസ്ഥാൻ! രാജസ്ഥാനിലെ ടീച്ചേഴ്സ് എഴുന്നേൽക്കൂ. സേവനത്തിന് ആശംസകൾ.

അപ്പോൾ സഹജ പുരുഷർത്ഥം ചെയ്യൂ ആശീർവാദം നൽകി പോകൂ. എടുക്കണം എന്ന സങ്കൽപ്പം ചെയ്യരുത്, നൽകൂ എങ്കിൽ ലഭിച്ചു കൊണ്ടിരിക്കും. കൊടുക്കുകയാണ് എടുക്കുക. ശരിയല്ലേ! ഇങ്ങനെയല്ലേ! ദാതാവിന്റെ കുട്ടികളല്ലേ! ആരെങ്കിലും തന്നാൽ കൊടുക്കാം. അല്ലാ, ദാതാവായി നൽകൂ എങ്കിൽ തനിയെ ലഭിക്കും. ശരി.

ആര് ഈ കൽപ്പത്തിൽ ആദ്യമായി വന്നവർ അവർ കൈ ഉയർത്തൂ. പകുതിയോളം ആദ്യമായി വന്നവരാണ്, പകുതി പുതിയവരാണ്. ശരി – പിന്നില്ലിരിക്കുന്നവർ അറ്റത്തിരിക്കുന്നവർ എല്ലാവരും സഹജയോഗിയാണോ? സഹയോഗിയാണെങ്കിൽ ഒരു കൈ ഉയർത്തൂ. ശരി.

വിടവാങ്ങുന്ന സമയം:– (ബാപ്പ്ദാദയ്ക്ക് രഥ യാത്രകളുടെ വാർത്ത കേൾപ്പിച്ചു) നാലു വശത്തുമുളള യാത്രകളുടെ വാർത്ത ഇടക്കിടെ ബാപ്പ്ദാദയുടെ അടുക്കൽ വന്നു കൊണ്ടിരിക്കുന്നു. ശരി എല്ലാവരും ഉത്സാഹ ഉന്മേഷത്തോടെ സേവനത്തിന്റെ പാർട്ടഭിനയിക്കുകയാണ്. ഭക്തരുടെ ആശീർവാദം ലഭിച്ചു കൊണ്ടിരിക്കുന്നു, ആരുടെ ഭക്തി തീർന്നുവൊ, അവർക്ക് ബാബയുടെ പരിചയം ലഭിക്കും, പരിചയം ലഭിച്ചവരിൽ കുട്ടികളാകുന്നവരെയും കാണാം. ബാക്കി സേവനം നന്നായി പോകുന്നുണ്ട്, എന്തെല്ലാം മാർഗ്ഗം ഉണ്ടാക്കിയിട്ടുണ്ടോ ആ മാർഗ്ഗം എല്ലാവരെയും നന്നായി ആകർഷിക്കുന്നുണ്ട്. ഇനി റിസൾട്ടിൽ ആരെല്ലാം ഏതെല്ലാം കാറ്റഗറിയിൽ വരുന്നു എന്നത് അറിയാം, എന്നാലും ഭക്തർക്കും താങ്കൾ എല്ലാവരുടെയും ദൃഷ്ടി ലഭിച്ചു, പരിചയം ലഭിച്ചു – ഇതും വളരെ നല്ല ഒരു മാർഗ്ഗമാണ്. ഇനി മുന്നോട്ട് ഇവരുടെ സേവനം ചെയ്തു മുന്നോട്ട് നയിച്ചു കൊണ്ടിരിക്കണം. ആരെല്ലാം രഥ യാത്രയിൽ സേവനം ചെയ്യുന്നുവോ, അക്ഷീണരായി സേവനം ചെയ്യുന്നുവോ, അവർക്കെല്ലാം സ്നേഹസ്മരണകൾ. ബാപ്പ്ദാദ എല്ലാവരെയും കണ്ടുകൊണ്ടിരിക്കുന്നു, സഫലത ജന്മ സിദ്ധ അധികാരമാണ്. ശരി.

മൗറീഷ്യസിൽ തന്റെ നമ്മുടെ ഈശ്വരീയ വിശ്വ വിദ്യാലയത്തിന് നാഷണൽ യൂണിറ്റി അവാർഡ് പ്രൈം മിനിസ്റ്ററിൽ നിന്നും ലഭിച്ചു: – മൗറീഷ്യസിൽ അല്ലെങ്കിലും വി.ഐ.പികളുമായി കണക്ഷൻ നന്നായിരുന്നു, പ്രഭാവവും നല്ലതാണ് ഇതിനാൽ ഗുപ്ത സേവനത്തിന്റെ ഫലം ലഭിക്കുകയാണ് എല്ലാവർക്കും പ്രത്യേകിച്ച് ആശംസകൾ. ശരി, ഓം ശാന്തി.

## വരദാനം:– ഓരോ ശ്വാസത്തിലും ഓർമ്മയുടേയും സേവനത്തിന്റെയും ബാലൻസിലൂടെ ബ്ലെസിംഗ് പ്രാപ്തമാക്കുന്ന സദാ പ്രസന്നചിത്തരായി ഭവിക്കട്ടെ.

ഓർമ്മയുടെ ലിങ്ക് സദാ യോജിച്ചിരിക്കുന്നതിന് അറ്റൻഷൻ നൽകുന്നു അതുപോലെ സേവനത്തിലും ലിങ്ക് സദാ യോജിച്ചിരിക്കണം. ഓരോ ശ്വാസത്തിലും ഓർമ്മ, ഓരോ ശ്വാസത്തിലും സേവനം വേണം – ഇതിനെയാണ് ബാലൻസ് എന്ന് പറയുന്നത്, ഈ ബാലൻസിലൂടെ സദാ ബ്ലെസിംഗിന്റെ അനുഭവം ചെയ്തു കൊണ്ടിരിക്കും, ഈ ശബ്ദം ഹൃദയത്തിൽ നിന്നും വരും ആശിർവദങ്ങളിൽ പാലിക്കപ്പെടുകയാണ് എന്ന്. പരിശ്രമത്തിൽ നിന്നും, യുദ്ധത്തിൽ നിന്നും മുക്തമാകും. എന്ത്, എന്തുകൊണ്ട്, എങ്ങനെ ഈ ചോദ്യങ്ങളിൽ നിന്നും മുക്തമായി സദാ പ്രസന്നചിത്തരായിരിക്കും. പിന്നെ സഫലത ജന്മസിദ്ധ അധികാരമാണ് എന്ന രൂപത്തിൽ അനുഭവപ്പെടും.

## സ്ലോഗൻ:– ബാബയിൽ നിന്നും സമ്മാനം നേടണമെങ്കിൽ സ്വയം തന്നിൽ നിന്നും കൂടെയുള്ളവരിൽ നിന്നും നിർവിഘ്നരാണ് എന്ന സർട്ടിഫിക്കേറ്റ് ഒപ്പം വേണം.